# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.445

## 29-05-2019 ൽ മറുപടിക്ക്

## മസാല ബോണ്ടുകൾ വിറ്റഴിക്കൽ

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ മസാല ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് എത്ര പാർട്ണർമാരെയും ഏജന്റുമാരെയും നിയമിച്ചിട്ടുണ്ട്; ഇവരിൽ ഓരോരുത്തർക്കും ഫീസ് നൽകേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകാമോ ; | കിഫ്ബിയുടെ മസാല ബോണ്ട് ഇഷ്യുവുമായി ബന്ധപ്പെട്ട് രണ്ട് ബാങ്കുകളെ ആണ് ലീഡ് മാനേജേർസ് ആയി നിയമിച്ചിട്ടുള്ളത്. ഇവർ ഓരോരുത്തർക്കും സമാഹരിച്ച തുകയുടെ 0.085% (അനുവാർഷിക) ഫീസ് ഇനത്തിൽ നൽകണം. |
| (ബി) മസാല ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് അറെയ്ഞ്ചേഴ്സ് ആൻഡ് ഡീലേഴ്സ്, പ്രിൻസിപ്പൽ ഏജന്റ്, ട്രസ്റ്റി, രജിസ്ട്രാർ, ലിസ്റ്റിംഗ് ഏജന്റ്, ലീഗൽ അഡ്വൈസേഴ്സ്, ഓഡിറ്റേഴ്സ് എന്നിവയായി ഏതൊക്കെ കമ്പനികളെയാണ് തീരുമാനിച്ചിരിക്കുന്നത് ; | അറെയ്ഞ്ചേഴ്സ് ആൻഡ് ഡീലേഴ്സ് - ആക്സിസ് ബാങ്ക് & സ്റ്റാൻഡേർഡ് ചാർട്ടേർഡ്<br>പ്രിൻസിപ്പൽ ഏജന്റ്, ട്രസ്റ്റി & രജിസ്ട്രാർ - എച്ച്എസ്ബിസി<br>ലിസ്റ്റിംഗ് ഏജന്റ് - ടി.എസ്.എം.പി ലോ കോർപ്പറേഷൻ<br>ലീഗൽ അഡ്വൈസേഴ്സ് - സിറിൽ അമർചന്ദ് മംഗൾദാസ് (ആഭ്യന്തര ലീഗൽ കൗൺസൽ)<br>- ഡി.എൽ.എ. പൈപ്പർ യു.കെ.എൽ.എൽ.പി (അന്താരാഷ്ട്ര ലീഗൽ കൗൺസൽ)<br>ഓഡിറ്റേഴ്സ് - ശ്രീധർ ആൻഡ് കോ. |

| | |
|---|---|
| (സി) മസാല ബോണ്ടുകൾ വിറ്റഴിക്കലുമായി ബന്ധപ്പെട്ട് പാർട്ണർമാരെയും ഏജന്റ്മാരെയും തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ? | മസാല ബോണ്ടുകളുമായി ബന്ധപ്പെട്ട ഇടപാടുകൾക്ക് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളെ ഒരു ബിഡ് നടപടിക്രമത്തിലൂടെയാണ് നിശ്ചയിച്ചത്. ഈ മേഖലയിലെ മുൻപരിചയങ്ങൾ നിഷ്കർഷിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ചു വന്ന ഏജൻസികളിൽ ഏറ്റവും ചെറിയ നിരക്കിൽ ബിഡ് ചെയ്തവരെ തിരഞ്ഞെടുക്കുകയായിരുന്നു. |

സെക്ഷൻ ഓഫീസർ